Deivarajyam October 2015
● R.N.7623/63
Registered No. KL/ALY/0020/2014-2016 ● R.N. 7623/1963
Date of publication: 1/10/2015
● Posted at Thodupuzha Stg.
Annual Subscription ₹ 100.00

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ








വാല്യം 54
ഒക്ടോബർ 2015
ലക്കം 10

Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691


മാണ്ഡ്യാ രൂപതയുടെ നിയുക്തമെത്രാൻ
അഭിവന്ദ്യ മാർ ആന്റണി കരിയിൽ പിതാവിന്
കോതമംഗലം രൂപതാകുടുംബത്തിന്റെ
അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും...!


ഇൻഫാമിന്റെ സംസ്ഥാന ഡയറക്ടറായി
നിയമിതനായിരിക്കുന്ന ബഹുമാനപ്പെട്ട
ജോസ് മോനിപ്പിള്ളിൽ അച്ചന്
കോതമംഗലം രൂപതാകുടുംബത്തിന്റെ
അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും...!



# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ




*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor, Printer & Publisher*
**Rev. Dr. George Thekkekara**

**വാല്യം 54**
**ഒക്ടോബർ 2015**
**ലക്കം 10**

The Eparchial Curia
Bishop's House, P.B. No.6
Kothamangalam - 686 691
Mob. 8281946306
bishophouseklm@gmail.com

## ഉള്ളടക്കം

| | പേജ് |
|---|---|
| സർക്കുലർ | 5 |
| രൂപതക്കച്ചേരി | 11 |
| മൈനർ സെമിനാരി | 13 |
| വിജ്ഞാനഭവൻ | 14 |
| വിദ്യാഭ്യാസം | 19 |
| ചെറുപുഷ്പമിഷൻലീഗ് | 21 |
| കെ.സി.എസ്.എൽ. | 26 |
| സോഷ്യൽ സർവീസ് | 29 |
| യുവദീപ്തി | 30 |
| ജീസസ് യൂത്ത് | 31 |
| ഫാമിലി അപ്പോസ്റ്റലേറ്റ് | 32 |
| മാതൃദീപ്തി | 33 |
| ഡി.സി.എം.എസ്. | 34 |
| എമ്മാനുവേൽ ധ്യാനകേന്ദ്രം | 34 |
| പ്രാർത്ഥനാഗ്രൂപ്പ് | 35 |
| അല്മായ ഫ്രാൻസിസ്കൻ സഭ | 36 |
| സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി | 37 |
| നെസ്റ്റ് പ്രോഗ്രാം | 37 |
| തിരുനാൾ മംഗളങ്ങൾ | 38 |
| വാർത്തയും വിശേഷങ്ങളും | 38 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 40 |
| ബിഷപ്സ് പ്രോഗ്രാം | 41 |
| പ്രാർത്ഥനയിൽ ഓർക്കാം | 42 |
| നിര്യാതനായി | 42 |



## ഓർമ്മിക്കാൻ

### ഒക്ടോബർ

| | | |
|---|---|---|
| 1 | – | വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, CML അംഗത്വസ്വീകരണം, നവീകരണം |
| 2 | – | ജൂബിലി ദമ്പതീ സംഗമം, NESTT |
| 3 | – | ചെറുപുഷ്പ മിഷൻലീഗിന്റെ 68-ാം സ്ഥാപകദിനം, പതാകദിനം |
| 7-9 | – | Pre-Marriage Course |
| 11 | – | ഒന്നാം സെമസ്റ്റർ സൺഡേസ്കൂൾ പരീക്ഷ |
| 17 | – | KCYM – ഷട്ടിൽ ടൂർണമെന്റ് രൂപതാതലം |
| 18 | – | മിഷൻ ഞായർ |
| ” | – | വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം – ഇടവകതലം |
| 21-23 | – | Pre-Marriage Course |
| 22 | – | സമർപ്പിതസംഗമം, കോതമംഗലം രൂപത, കത്തീഡ്രൽ |
| 24 | – | CML – പ്രതിഭാ സംഗമം |
| 24 | – | ബൈബിൾ നേഴ്സറി അദ്ധ്യാപക പരിശീലനം |

### തിരുനാളുകൾ

| | | |
|---|---|---|
| 01 | : | വി. കൊച്ചുത്രേസ്യ |
| 02 | : | കാവൽമാലാഖ |
| 03 | : | വി. ഫ്രാൻസീസ് അസ്സീസി |
| 15 | : | ആവിലായിലെ വി. ത്രേസ്യ |
| 16 | : | വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ |
| 17 | : | വി. ലൂക്കാ സുവിശേഷകൻ<br>അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് |
| 18 | : | മിഷൻ ഞായർ |
| 28 | : | വി. ശിമയോൻ, വി. യൂദാ തദേവൂസ് |

## സർക്കുലർ

Ref: 2893/K 35/OL/KCBC/DS 11.09.2015

# ലോകമിഷൻ ഞായർ – 2015

### ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

**പ്രിയ സഹോദരീസഹോദരന്മാരേ,**

സമർപ്പിതജീവിത വർഷത്തിന്റെ സാഹചര്യത്തിലാണ് ഇക്കൊല്ലം ലോകമിഷൻ ഞായർ ആചരണം നടക്കുന്നത്. ആ സാഹചര്യം കൂടുതൽ പ്രാർത്ഥനയ്ക്കും വിചിന്തനത്തിനുമുള്ള പ്രചോദനം നല്കുന്നു. അതിന്റെ കാരണം ഇതാണ്: മാമ്മോദീസ സ്വീകരിച്ച ഓരോ വ്യക്തിയും ദാനമായി കിട്ടിയ വിശ്വാസം പ്രഘോഷിച്ചുകൊണ്ട് യേശുവിനു സാക്ഷ്യം വഹിക്കാൻ കടപ്പെട്ടിരിക്കുന്നുവെങ്കിൽ ഓരോ സമർപ്പിത വ്യക്തിയും അങ്ങനെ ചെയ്യാൻ സവിശേഷമാംവിധം കടപ്പെട്ടിരിക്കുന്നു. സമർപ്പിതജീവിതവും പ്രേഷിതത്വവും തമ്മിൽ സുവ്യക്തമായ ബന്ധമുണ്ട്. സഭയിൽ സമർപ്പിതജീവിതത്തിന്റെ ഉത്പത്തിക്കു കാരണം യേശുവിനെ കൂടുതൽ അടുത്ത് അനുകരിക്കാനുള്ള ആഗ്രഹമാണ്. അത് കുരിശെടുത്തുകൊണ്ട് അവിടത്തെ അനുഗമിക്കാനുള്ള അവിടത്തെ ആഹ്വാനത്തോടുള്ള പ്രത്യുത്തരമാണ്. പിതാവിനോടുള്ള അവിടത്തെ സമർപ്പണവും സ്നേഹവും സേവനവും അനുകരിക്കാനും അത് ആവശ്യപ്പെടുന്നു. വീണ്ടും കണ്ടെത്താൻ വേണ്ടി നമ്മുടെ ജീവൻ നഷ്ടപ്പെടുത്താനും അത് ആവശ്യപ്പെടുന്നുണ്ട്. ക്രിസ്തുവിന്റെ ജീവിതത്തിനു മുഴുവനും ഒരു പ്രേഷിതത്വ സ്വഭാവമുണ്ട്. അതുകൊണ്ട് അവിടത്തെ അടുത്ത് അനുകരിക്കുന്ന എല്ലാവർക്കും ഈ പ്രേഷിതത്വസവിശേഷത ഉണ്ടായിരിക്കണം.

സഭയുടെ പ്രകൃതിയുടേതുതന്നെയായ ഈ പ്രേഷിതത്വമാനം, സമർപ്പിത ജീവിതത്തിന്റെ സർവരൂപങ്ങൾക്കും ആന്തരികമായിട്ടുള്ളതാണ്. അതുകൊണ്ട് സമർപ്പിതജീവിതത്തിൽ നിന്ന് വഴിതെറ്റുകയും അതിന്റെ കാരിസത്തെ വികലമാക്കുകയും ചെയ്യാതെ പ്രേഷിതത്വമാനത്തെ അവഗണിക്കാനാവുകയില്ല. ഒരു മിഷണറിയായിരിക്കുകയെന്നത് മതംമാറ്റലോ കേവലം സമരതന്ത്രമോ അല്ല. പ്രേഷിതത്വം വിശ്വാസത്തിന്റെ "വ്യാകരണത്തിന്റെ" ഭാഗമാണ്. "വരുക" "മുന്നോട്ടു പോകുക" എന്നിങ്ങനെ മന്ത്രിക്കുന്ന പരിശുദ്ധാത്മാവിന്റെ ശബ്ദം ശ്രവിക്കുന്ന സകലർക്കും സാരാംശപരമായിട്ടുള്ള ഒന്നാണത്.



ക്രിസ്തുവിനെ അനുകരിക്കുന്നവർക്ക് മിഷണറിമാരാകാതിരിക്കാൻ സാധ്യമല്ല. എന്തെന്നാൽ യേശു "തങ്ങളോടൊപ്പം സഞ്ചരിക്കുകയും തങ്ങളോടു സംസാരിക്കുകയും, തങ്ങളോടൊപ്പം ശ്വസിക്കുകയും ചെയ്യുന്നുവെന്ന് അവർ അറിയുന്നു. മിഷൻ പ്രവർത്തനങ്ങളിൽ അവിടന്ന് തങ്ങളോടൊപ്പം ജീവിക്കുന്നുവെന്ന് അവർ മനസ്സിലാക്കുന്നു" (സുവിശേഷ സന്തോഷം, 266).

മിഷൻ എന്നത് യേശുവിനോടുള്ള തീവ്രസ്നേഹമാണ്. അതേ സമയം അത് അവിടത്തെ ജനത്തോടുള്ള തീവ്രസ്നേഹവുമാണ്. ക്രൂശിതനായ യേശുവിന്റെ മുമ്പിൽ പ്രാർത്ഥിക്കുമ്പോൾ അവിടത്തെ സ്നേഹത്തിന്റെ ആഴം നാം മനസ്സിലാക്കുന്നു. നമുക്കു മഹത്ത്വവും നിലനില്പും നല്കുന്ന സ്നേഹത്തിന്റെ ആഴം നാം ഗ്രഹിക്കുന്നു. അതേസമയം ക്രിസ്തുവിന്റെ മുറിവേല്പിക്കപ്പെട്ട ഹൃദയത്തിൽ നിന്നു പ്രവഹിക്കുന്ന സ്നേഹം ദൈവജനത്തെയും മുഴുവൻ മനുഷ്യവംശത്തെയും ആശ്ലേഷിക്കാൻ വികസിക്കുന്നുവെന്നു നാം മനസ്സിലാക്കുകയും ചെയ്യുന്നു. തന്റെ പ്രിയജനത്തോടും (cf ibid. 268) നിർമ്മലഹൃദയത്തോടെ തന്നെ തേടുന്ന എല്ലാ മനുഷ്യരോടും അടുക്കുന്നതിനു നമ്മെ ഉപയോഗിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നുവെന്ന് നാം ഒരിക്കൽക്കൂടി മനസ്സിലാക്കുന്നു. "മുന്നോട്ടു പോകുക" എന്നാണ് യേശുവിന്റെ കല്പന. സഭയുടെ പ്രേഷിത പ്രവർത്തനത്തിന്റെ രംഗങ്ങളും നിത്യസന്നിഹിതമായിരിക്കുന്ന നവീന വെല്ലുവിളികളും അതിൽ നാം കാണുന്നു. സഭയുടെ എല്ലാ അംഗങ്ങളും അവരുടെ ജീവിതസാക്ഷ്യം വഴി സുവിശേഷം പ്രഘോഷിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ സ്വരം കേൾക്കാൻ സമർപ്പിതരോട് പ്രത്യേകമാംവിധം ആവശ്യപ്പെട്ടിട്ടുണ്ട്. പരിശുദ്ധാത്മാവ് അവരോട് അതിർത്തികളിലേക്കു പോകാൻ, ഇന്നോളം സുവിശേഷം പ്രസംഗിക്കപ്പെട്ടിട്ടില്ലാത്തവരിലേക്കു പോകാൻ ആഹ്വാനം ചെയ്യുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആദ് ജെന്തെസ് എന്ന ഡിക്രിയുടെ അമ്പതാം വാർഷികമാണിത്. ആ പ്രമാണരേഖ വീണ്ടും വായിക്കാനും അതിന്റെ ഉള്ളടക്കങ്ങളെക്കുറിച്ചു ചിന്തിക്കാനുമുള്ള ഒരാഹ്വാനം നമുക്ക് എല്ലാവർക്കും അതു നല്കുന്നു. സമർപ്പിതജീവിതത്തിന്റെ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ശക്തമായ പ്രേഷിത സ്പന്ദനം ഉണ്ടാകണമെന്ന് ആ പ്രമാണരേഖ ആവശ്യപ്പെട്ടിട്ടുണ്ട്. ധ്യാനാത്മക സമൂഹങ്ങളെ സംബന്ധിച്ചിടത്തോളം, പ്രേഷിതവേലയുടെ മധ്യസ്ഥയായ

ഉണ്ണീശോയുടെ വിശുദ്ധ തെരേസ പുതിയ വെളിച്ചത്തിൽ കാണപ്പെടുന്നു. അവൾ നവീകൃത വാഗ്മിത്വത്തോടെ സംസാരിക്കുന്നു. ധ്യാനാത്മകജീവിതവും പ്രേഷിതത്വവും തമ്മിലുള്ള അഗാധമായ ബന്ധത്തെക്കുറിച്ചു ചിന്തിക്കാൻ അവൾ പ്രചോദിപ്പിക്കുന്നു. പ്രവർത്തനോന്മുഖമായ അനേകം സമൂഹങ്ങളെ സംബന്ധിച്ചിടത്തോളം കൗൺസിലിൽ നിന്ന് ഉയർന്ന പ്രേഷിത ചൈതന്യം വിജാതീയരുടെ ഇടയിലുള്ള പ്രേഷിതപ്രവർത്തനത്തിലേക്കുള്ള അസാധാരണമായ താത്പര്യം കണ്ടെത്തി. സുവിശേഷപ്രവർത്തനത്തിൽ കണ്ടുമുട്ടിയ അനേകം പ്രദേശങ്ങളിലെയും സംസ്കാരങ്ങളിലെയും സഹോദരീസഹോദരന്മാരോടുള്ള തുറവി അതിനു മിക്കപ്പോഴും ഉണ്ടായിരുന്നു. തന്മൂലം സമർപ്പിതജീവിതത്തിലെ വ്യാപകമായ "സങ്കലിതസംസ്കാര" ("interculturalism') ത്തെപ്പറ്റി പറയാൻ കഴിയുന്നു. അതുകൊണ്ട് അടിയന്തിരസ്വഭാവമുള്ള ഒരാവശ്യമുണ്ടിവിടെ: യേശു ആണ് മിഷന്റെ കേന്ദ്രസ്ഥവ്യക്തിയെന്ന് വീണ്ടും ഉറപ്പിച്ചു പറയുക. സുവിശേഷപ്രഘോഷണത്തിന് പൂർണമായ സ്വയം സമർപ്പണം അത് ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാൻ സാധ്യമല്ല: ദൈവകൃപയാൽ പ്രേഷിതപ്രവർത്തനം സ്വീകരിക്കുന്നവർ അതു ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം ലോകത്തിന്റെ അതിരുകളിൽ ക്രിസ്തുവിനെ പ്രഘോഷിക്കുന്നതിന് അവിടത്തെ അനുഗമിക്കാനുള്ള മാർഗമായിത്തീരുന്നു. അവർ നേരിടുന്ന പ്രയാസങ്ങൾക്കും ചെയ്യുന്ന ത്യാഗങ്ങൾക്കും അവിടന്ന് ധാരാളമായി പ്രതിഫലം നല്കും. ഈ വിളിയിൽ നിന്നു മാറിപ്പോകാനുള്ള ഏതു പ്രവണതയും – നല്ല കാരണങ്ങളാലാണ് അങ്ങനെ ചെയ്യുന്നതെങ്കിലും അജപാലനപരവും സഭാപരവും മാനുഷികവുമായ അസംഖ്യം കാരണങ്ങൾ അതിനുണ്ടെങ്കിലും – കർത്താവിന്റെ ആഹ്വാനത്തിനു ചേർന്നതല്ല. വ്യക്തിപരമായി സുവിശേഷത്തിനു സേവനം ചെയ്യുകയെന്നതാണ് അവിടന്നു നല്കുന്ന ആഹ്വാനം. മിഷണറി ഇൻസ്റ്റിറ്റ്യൂട്ടുകളിലെ പരിശീലകർ ജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും ഈ പദ്ധതി വ്യക്തമായും ആത്മാർത്ഥമായും സൂചിപ്പിക്കാനും യഥാർത്ഥ പ്രേഷിതത്വവിളി തിരിച്ചറിയാനും കടപ്പെട്ടിരിക്കുന്നു. ധീരതയോടെ സാക്ഷ്യം നല്കാനും ഉദാരതയോടെ പ്രവർത്തിക്കാനും കഴിവുള്ള യുവജനത്തോട്, ആ സാക്ഷ്യവും പ്രവർത്തനവും സംസ്കാരവിരുദ്ധമാണെങ്കിലും, ഞാൻ പ്രത്യേകമായി അഭ്യർത്ഥിക്കുന്നു: **യഥാർത്ഥ മിഷന്റെ** ആദർശത്തെ, **സമ്പൂർണ സമർപ്പണത്തിലൂടെയുള്ള ക്രിസ്ത്വനുകരണത്തെ നിങ്ങളിൽ നിന്നു കവർന്നെടുക്കുവാൻ ആരെയും അനുവദിക്കരുത്.** നിങ്ങൾ സന്ന്യസ്ത പ്രേഷിതത്വജീവിതം തിരഞ്ഞെടുത്തതും, അത് യഥാർത്ഥത്തിൽ എന്തായിരിക്കുന്നവോ അതിനു സന്നദ്ധരാവുകയും ചെയ്തത് എന്തുകൊണ്ടാണെന്ന് മനസ്സാക്ഷിയുടെ അഗാധതയിൽ സ്വയം ചോദിക്കണം: സുവിശേഷപ്രഘോഷണത്തിനു സേവനം ചെയ്യുന്ന സ്നേഹദാനമായതുകൊണ്ടുതന്നെ. നിങ്ങൾ ഒരു വസ്തുത ഓർമ്മിക്കണം. സുവിശേഷപ്രഘോഷണം ഇന്നോളം കേട്ടിട്ടില്ലാത്തവർക്ക് അത് അത്യാവശ്യമാണ്. എന്നാൽ അതിനുമുമ്പേ ഗുരുവിനെ സ്നേഹിക്കുന്നവരെ സംബന്ധിച്ച് അത് അത്യാവശ്യമാണ്.



ഇന്നു സഭയുടെ പ്രേഷിതപ്രവർത്തനം ഒരു വെല്ലുവിളി നേരിടുന്നു. ജനങ്ങൾ അവരുടെ വേരുകളിലേക്ക് തിരിച്ചുപോകുകയും അവരുടെ സംസ്കാരങ്ങളുടെ മൂല്യങ്ങൾ സംരക്ഷിക്കുകയും ചെയ്യുകയെന്ന സർവജനതകളുടെയും ആവശ്യങ്ങളെ കണ്ടെത്തുകയെന്നതാണ് ആ വെല്ലുവിളി. അതിന്റെ അർത്ഥം ഇതാണ്: മറ്റു പാരമ്പര്യങ്ങളെയും ചിന്താപദ്ധതികളെയും അറിയുകയും ആദരിക്കുകയും ചെയ്യുക. ദൈവികജ്ഞാനത്തിന്റെ രഹസ്യത്തിലേക്കു പ്രവേശിക്കാനും യേശുവിന്റെ സുവിശേഷം സ്വീകരിക്കാനും സ്വന്തം പാരമ്പര്യങ്ങളിൽ ആന്തരികമായി സഹായിക്കപ്പെടാൻ എല്ലാ ജനതകൾക്കും സംസ്കാരങ്ങൾക്കും അവകാശമുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ട് അങ്ങനെ ചെയ്യണം. യേശു സകല സംസ്കാരങ്ങൾക്കുമുള്ള പ്രകാശവും പരിവർത്തനാത്മക ശക്തിയുമാണ്.

സങ്കീർണമായ ഈ പ്രവർത്തനത്തിൽ നാം നമ്മോടു തന്നെ ചോദിക്കുന്നു: "ആരോടാണ് നാം ആദ്യം സുവിശേഷം പ്രസംഗിക്കേണ്ടത്"? സുവിശേഷം മുഴുവനിലും നാം മിക്കപ്പോഴും കാണുന്നതാണ് ഇതിന്റെ ഉത്തരം: ദരിദ്രരോട്, എളിയവരോട്, രോഗികളോട്, മിക്കപ്പോഴും അവഗണിക്കപ്പെട്ടവരോട്, വിസ്മരിക്കപ്പെട്ടവരോട്, പ്രതിഫലം നല്കാൻ കഴിവില്ലാത്തവരോട് (cf. ലൂക്കാ 14:13–14). നമ്മിൽ ഏറ്റവും എളിയവരോട് പ്രത്യേക പരിഗണന കാണിച്ചുകൊണ്ടുള്ള സുവിശേഷവത്കരണം യേശു സ്ഥാപിക്കാൻ വന്ന രാജ്യത്തിന്റെ അടയാളമാണ്. "നമ്മുടെ വിശ്വാസവും ദരിദ്രരും തമ്മിൽ അവിഭാജ്യമായ ഒരു ബന്ധമുണ്ട്. ഒരിക്കലും നാം അവരെ ഉപേക്ഷിക്കരുത്" (സുവിശേഷ സന്തോഷം, 48). സമർപ്പിത പ്രേഷിതജീവിതം സ്വീകരിച്ചവർക്ക് ഇത്

സർവോപരി വ്യക്തമായിരിക്കണം: ദരിദ്രരോടു പക്ഷം ചേരുന്ന ക്രിസ്തുവിനെ അനുഗമിക്കാൻ ദാരിദ്ര്യവ്രതം വഴി അവർ നിശ്ചയിച്ചു. അവരോടൊപ്പം അനുദിനജീവിതത്തിന്റെ അനിശ്ചിതത്വങ്ങളിൽ ജീവിച്ചുകൊണ്ടും അധികാരത്തിനുള്ള എല്ലാ അവകാശവാദവും ഉപേക്ഷിച്ചുകൊണ്ടും അങ്ങനെ ദരിദ്രരുടെ സഹോദരീസഹോദരന്മാരായിത്തീരാനും അതുവഴി അവർക്ക് സുവിശേഷസന്തോഷത്തിന്റെ സാക്ഷ്യവും ദൈവസ്നേഹത്തിന്റെ അടയാളവും നല്കാനും നിശ്ചയിച്ചു.

ക്രൈസ്തവസാക്ഷികളായും പിതാവിനുള്ള സ്നേഹത്തിന്റെ അടയാളങ്ങളായും ദരിദ്രരുടെയും എളിയവരുടെയും ഇടയിൽ ജീവിച്ചുകൊണ്ട് സഭയുടെ പ്രേഷിത ശുശ്രൂഷയിൽ അല്മായരുടെ സാന്നിധ്യം വളർത്താൻ സമർപ്പിതർ കടപ്പെട്ടിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രസ്താവിച്ചതുപോലെ "അല്മായർ സഭയുടെ പ്രേഷിതപ്രവർത്തനത്തിൽ സഹകരിക്കണം. അവർ സാക്ഷികളെന്ന നിലയിലും സജീവോപകരണങ്ങളെന്ന നിലയിലും സഭയുടെ രക്ഷാകരദൗത്യത്തിൽ പങ്കുചേരുന്നുണ്ട്" (ആദ് ജെന്തെസ്, 41). സമർപ്പിതരായ മിഷണറിമാർ തങ്ങളോടൊപ്പം പ്രവർത്തിക്കാൻ ഇഷ്ടപ്പെടുന്നവരെ, കുറച്ചുകാലത്തേക്കാണെങ്കിലും ഈ മണ്ഡലത്തിൽ അനുഭവമുണ്ടാകാൻ ആഗ്രഹിക്കുന്നവരെ, ഉദാരതയോടെ സ്വാഗതം ചെയ്യണം. മാമ്മോദീസയിൽ ഉൾക്കൊണ്ടിരിക്കുന്ന പ്രേഷിതദൗത്യത്തിൽ പങ്കുചേരാൻ ആഗ്രഹിക്കുന്ന സഹോദരീസഹോദരന്മാരാണവർ. മിഷൻ പ്രവർത്തനത്തിന്റെ ഭവനങ്ങളും സ്ഥാപനങ്ങളും അവരെ സ്വാഗതം ചെയ്യാനും അവർക്ക് മാനുഷികവും ആധ്യാത്മികവും അപ്പസ്തോലികവുമായ പിന്തുണ നല്കാനുമുള്ള ഇടങ്ങളാണ്.

സഭയുടെ ഇൻസ്റ്റിറ്റ്യൂട്ടുകളും മിഷണറി കോൺഗ്രിഗേഷനുകളും, യേശുവിന്റെ സുവിശേഷം അറിയാത്തവർക്കുള്ള സേവനത്തിന് മുഴുവനായി സമർപ്പിക്കപ്പെട്ടവയാണ്. അവയുടെ സമർപ്പിതാംഗങ്ങളുടെ കാരിസങ്ങളും പ്രേഷിതദൗത്യങ്ങളും അവ പരിഗണിക്കണമെന്നാണ് ഇതിന്റെ അർത്ഥം. എന്നാൽ സമർപ്പിതർക്ക് സേവനത്തിന്റെ ഒരു വ്യവസ്ഥ കൂടി ഉണ്ടാകണം. റോമിലെ മെത്രാന്റെ താത്പര്യത്തിന്റെ ഒരു പ്രകാശനമാണത്. കൊയ്നോണിയ (കൂട്ടായ്മ) ഉറപ്പുവരുത്തുന്നതിനുവേണ്ടിത്തന്നെ. എന്തെന്നാൽ സഹകരണവും സംയുക്തപ്രവർത്തനവും പ്രേഷിതത്വപരമായ സാക്ഷ്യത്തിന്റെ സാരാംശപരമായ ഭാഗമാണ്. ലോകം വിശ്വസിക്കുന്നതിനുള്ള ഒരു വ്യവസ്ഥയായി യേശു



തന്റെ ശിഷ്യന്മാരുടെ ഐക്യത്തെ പ്രതിഷ്ഠിച്ചു (cf. യോഹ 17:21). ഈ ഏകത്ര കേന്ദ്രീകരണം നിഷ്കൃഷ്ടനിയമാനുസാരിത്വമല്ല. സ്ഥാപനപ്രാധാന്യവാദവുമല്ല. വൈവിധ്യത്തിനു പ്രചോദനം നല്കുന്ന പരിശുദ്ധാത്മാവിന്റെ സർഗാത്മകതയെ ശ്വാസം മുട്ടിപ്പിക്കുന്ന പ്രവൃത്തിയുമല്ല. അത് സുവിശേഷസന്ദേശത്തിൽ കൂടുതൽ ഫലദായകത്വം നല്കുന്നതിനും പരിശുദ്ധാത്മാവിന്റെ മറ്റൊരു ഫലമായ ലക്ഷ്യത്തിലുള്ള ഐക്യം വളർത്തുന്നതിനുമാണ്.

വിശുദ്ധ പത്രോസിന്റെ പിൻഗാമികളുടെ മിഷണറി സൊസൈറ്റികൾക്ക് സാർവത്രികമായ അപ്പസ്തോലിക ചക്രവാളമുണ്ട്. അതുകൊണ്ടാണ് സമർപ്പിതജീവിതത്തിന്റെ അനേകം കാരിസങ്ങളും അതിന് ആവശ്യമായിരിക്കുന്നത്. സുവിശേഷവത്കരണത്തിന്റെ വിസ്തൃതചക്രവാളങ്ങളോടു സംസാരിക്കാനും അയയ്ക്കപ്പെട്ടിരിക്കുന്ന ഏതു പ്രദേശത്തും പര്യാപ്തമായ സാന്നിധ്യം ഉറപ്പാക്കാൻ കഴിയുന്നതിനും വേണ്ടിയാണത്.

പ്രിയ സഹോദരീസഹോദരന്മാരേ, യഥാർത്ഥ മിഷണറി സുവിശേഷത്തോട് തീവ്രസ്നേഹമുള്ള വ്യക്തിയാണ്. വിശുദ്ധ പൗലോസ് ശ്ലീഹ ഇങ്ങനെ പറഞ്ഞു: "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ഹാ കഷ്ടം!" (1 കോറി 9:16). സുവിശേഷം സകല സ്ത്രീപുരുഷന്മാർക്കും സന്തോഷത്തിന്റെയും വിമോചനത്തിന്റെയും രക്ഷയുടെയും ഉറവിടമാണ്. ഈ ദാനത്തെക്കുറിച്ച് സഭയ്ക്ക് അറിയാം. അതുകൊണ്ട് അവൾ "ആരംഭം മുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും ഞങ്ങളുടെ കണ്ണുകൾ കൊണ്ടു ഞങ്ങൾ കണ്ടതും" (1 യോഹ 1:1) എല്ലാവരോടും നിരന്തരം പ്രഘോഷിക്കുന്നു. ദിവ്യരഹസ്യത്തിന്റെ സേവകരുടെ - മെത്രാന്മാർ, വൈദികർ, സന്യസ്തർ, അല്മായർ എന്നിവരുടെ - ദൗത്യം ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധത്തിലേക്കു പ്രവേശിക്കാൻ ആരെയും ഒഴിവാക്കാതെ എല്ലാവരെയും അനുവദിക്കുകയെന്നതാണ്. സഭയുടെ പ്രേഷിതത്വപ്രവർത്തനത്തിന്റെ സമ്പൂർണമണ്ഡലത്തിൽ എല്ലാ വിശ്വാസികളും തങ്ങളുടെ മാമ്മോദീസാപരമായ സമർപ്പണം പൂർണമായി ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഓരോ വ്യക്തിയുടെയും വ്യക്തിപരമായ സാഹചര്യമനുസരിച്ച് അങ്ങനെ ചെയ്യണം. സമർപ്പിതരായ സ്ത്രീപുരുഷന്മാർക്ക് ഈ സാർവത്രികവിളിയോട് ഉദാരതയോടെ പ്രത്യുത്തരിക്കാൻ കഴിയും. തീവ്രമായ പ്രാർത്ഥനാജീവിതത്തിലൂടെയും കർത്താവിനോടും

അവിടത്തെ രക്ഷാകരബലിയോടുമുള്ള ഐക്യത്തിലൂടെയും അതു സാധ്യമാകും.

അന്യരാജ്യങ്ങളിലോ സ്വന്തം നാടുകളിലോ ഓരോ ജീവിതാവസ്ഥയിലും സുവിശേഷം പ്രഘോഷിക്കുന്ന എല്ലാ സ്ത്രീപുരുഷന്മാരെയും സഭയുടെ അമ്മയും മിഷൻ പ്രവർത്തനത്തിന്റെ മാതൃകയുമായ കന്യകാമറിയത്തിന് ഞാൻ സമർപ്പിക്കുന്നു. സുവിശേഷദൗത്യം നിർവഹിക്കുന്ന എല്ലാ മിഷണറിമാർക്കും ഞാൻ ഹൃദയംഗമമായി അപ്പസ്തോലികാശീർവാദം നല്കുന്നു.

വത്തിക്കാനിൽ നിന്ന്, 24 മേയ് 2015, പെന്തക്കൊസ്തത്തിരുനാൾ
ഫ്രാൻസിസ് പാപ്പാ

## രൂപതക്കച്ചേരി

### *C. 84 /2015* **മിഷൻ ഞായർ**

ഒക്ടോബർ 18-ാം തീയതി ആഗോളതലത്തിൽ മിഷൻ ഞായർ ആഘോഷിക്കുകയാണല്ലോ. സ്വഭാവത്താൽതന്നെ പ്രേഷിതയായ സഭയിൽ ഈശോമിശിഹായുടെ പ്രേഷിതരാണ് നാമോരോരുത്തരുമെന്ന സത്യം നമ്മെ അനുസ്മരിപ്പിക്കുകയും പ്രാർത്ഥന, ധനസഹായം, ത്യാഗപ്രവർത്തനങ്ങൾ എന്നിവവഴി മിഷൻപ്രവർത്തനങ്ങളെ സഹായിക്കാൻ നമുക്ക് കടമയുണ്ടെന്ന് ഉദ്‌ബോധിപ്പിക്കുകയും ചെയ്യുന്ന അവസരമാണ് മിഷൻ ഞായർ. മിഷൻരംഗത്ത് പീഡനം അനുഭവിക്കുന്ന നമ്മുടെ പ്രേഷിതരെ പ്രാർത്ഥനയും പ്രോത്സാഹനവും വഴി നമുക്ക് സഹായിക്കാം. മിഷൻ ഞായറിനോടനുബന്ധിച്ച് നാം നടത്തുന്ന പിരിവു വഴി ലഭിക്കുന്ന തുക രൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

Bishop

### *C. 85 /2015* **ഒക്ടോബർ മാസത്തിലെ ജപമാല**

ഒക്ടോബർ മാസം ജപമാലമാസമെന്നാണല്ലോ അറിയപ്പെടുന്നത്. കുടുംബങ്ങളിലെന്നപോലെ കുടുംബക്കൂട്ടായ്മകളിലും ഇടവകകളിലും ആഘോഷമായി ജപമാല ചൊല്ലുന്ന കാര്യം ഒരിക്കൽകൂടി ഓർമ്മിപ്പിക്കുന്നു. പരി. അമ്മവഴിയായി ധാരാളം അനുഗ്രഹം ഏവർക്കും ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

Bishop



### *C. 86 /2015* **സമർപ്പിത ദിനാചരണവും സമർപ്പിത സംഗമവും**

സമർപ്പിത വർഷാചരണത്തിന്റെ ഭാഗമായി കോതമംഗലം രൂപതയിലെ എല്ലാ സമർപ്പിതരെയും ഒരുമിച്ചുകൂട്ടി 2015 ഒക്ടോബർ മാസം 22-ാം തീയതി വ്യാഴാഴ്ച സെന്റ് ജോർജ് കത്തീഡ്രലിൽ രാവിലെ 9.00 മുതൽ വൈകിട്ട് 4.00 വരെ സമർപ്പിത സംഗമം നടത്തുകയാണ്. രൂപതയ്ക്കുള്ളിൽ ശുശ്രൂഷ ചെയ്യുന്ന ബഹു. സിസ്റ്റേഴ്സിനെയും സന്യസ്ത വൈദികരെയും ഒപ്പം രൂപതയിലെ എല്ലാ ബഹു. അച്ചന്മാരെയും ഈ സ്നേഹസംഗമത്തിലേക്ക് ഹൃദയ പൂർവം ക്ഷണിക്കുന്നു.

Bishop

### *C. 87 /2015* **നാഷണൽ യൂക്കരിസ്റ്റിക്ക് കോൺഗ്രസ്**

1964-ൽ ബോംബെയിൽ വച്ചു നടന്ന International Eucharistic Congress-ന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ഈ വർഷം നവംബർ 12 മുതൽ 15 വരെ CBCI യുടെ ആഭിമുഖ്യത്തിൽ National Eucharistic Congress നടത്തപ്പെടുകയാണ്. ഇന്ത്യയിലെ എല്ലാ രൂപതകളിൽ നിന്നുമുള്ള പ്രതിനിധികൾ ഇതിൽ പങ്കെടുക്കുന്നുണ്ട്. പ്രസ്തുത കോൺഗ്രസിന്റെ വിജയത്തിനായി ഒക്ടോബർ 7-ാം തീയതി (ജപമാല രാജ്ഞിയുടെ തിരുനാൾ) പ്രത്യേകം ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും നവംബർ 6-ാം തീയതി (ആദ്യവെള്ളിയാഴ്ച) എല്ലാ ഇടവകകളിലും ഈ നിയോഗാർത്ഥം ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

Bishop

### *C. 88 /2015* **Monthly Recollection for Priests**
### ***Topic for discussion in October***

Read in common Nos. 456 - 469 of the Catechism of the Catholic Church.

Syncellus

### *C.89 /2015* **Monthly Recollection in November**

Monthly recollection for priests in the month of November will be held on Tuesday November 3, 2015 at NESTT from 10.00 am to 4.00 pm. All are expected to participate without fail.

Syncellus

*C. 90 /2015* **കുർബാന നിയോഗങ്ങൾ**

സെപ്റ്റംബർ മാസത്തിലെ ധ്യാനത്തിൽ പങ്കെടുക്കാത്തവർ താഴെ പറയുന്ന നിയോഗങ്ങളിൽ കുർബാന അർപ്പിക്കണമെന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. ഇത് ബൈനേഷൻ കുർബാനയല്ല എന്ന കാര്യം പ്രത്യേകം ഓർക്കുമല്ലോ.

രൂപതയിലെ വൈദികർക്കായി – 1

അഭിവന്ദ്യ പിതാവിന്റെ നിയോഗങ്ങൾക്കായി – 4
(ഉപവിപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതിന്)

*Chancellor*

*PWA 1 /2015* **PWA Meeting**

PWA General Body Meeting is arranged to be held on Tuesday October 20, 2015 at 4.00 pm at NESTT, Muvattupuzha. All members are invited to attend the meeting.

*Secretary*

## മൈനർ സെമിനാരി

*MS 31 /2015* **ഓണാഘോഷം**

അത്തപ്പൂക്കളത്തിന്റെയും ഓണക്കളികളുടെയും അകമ്പടിയോടെ മൈനർ സെമിനാരിക്കാർ ഓണം ആഘോഷിച്ചു. പുലികളിയും ഓണപ്പാട്ടുകളും മാവേലി മന്നന്റെ വരവിനെ മനോഹരമാക്കി. ബഹുമാനപ്പെട്ട ജനറാളച്ചന്മാരോടും മറ്റുവൈദികരോടുമൊപ്പമുള്ള ഓണസദ്യയും ആസ്വാദ്യകരമായിരുന്നു.

*MS 32 /2015* **ചാരിറ്റി ഡേ ആചരിച്ചു**

ആഗസ്റ്റ് 9-ാം തീയതി സെമിനാരിയിൽ ചാരിറ്റിദിനമായി ആചരിച്ചു. അന്നേദിവസം CMC സിസ്റ്റേഴ്സ് നടത്തുന്ന സെന്റ് ജോസഫ് അസൈലം സന്ദർശിച്ച് കലാപരിപാടികൾ അവതരിപ്പിക്കുകയും അന്തേവാസികളോടൊപ്പം സ്നേഹവിരുന്നിൽ പങ്കെടുക്കുകയും ചെയ്തു.



*MS 33 /2015* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | |
|---|---|---|
| 1 | George Karimpadakuzhy | ₹ 5000 |
| 2 | Boby Parathattel | ₹ 2500 |
| 3 | P. J. Joseph Puthiaparambil, Nirmalamatha Muvattupuzha | ₹ 5000 |
| 4 | Rosa Thomas Parackal, Karimannoor | ₹ 6000 |
| 5 | Dr. Kuriachen Pothanikattu, Rajakumari | ₹ 2000 |
| 6 | George Parankimalil | ₹ 5000 |

*Rector*

## വിജ്ഞാനഭവൻ

*V. 85/2015* **നന്ദി**

പുതിയതായി വിശ്വാസപരിശീലകരായി ചേർന്ന അദ്ധ്യാപകരുടെ പരിശീലന പ്രോഗ്രാമിൽ 120 പേർ പങ്കെടുത്തു. ഈ പ്രോഗ്രാമിലേക്ക് വന്നവർക്കും ഇവരെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കും പ്രധാനാദ്ധ്യാപകർക്കും നന്ദി അറിയിക്കുന്നു. അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്ത സെമിനാറിൽ റവ. ഡോ. ജോർജ് ദാനവേലിൽ, റവ. ഡോ. ജോർജ് തെക്കേക്കര, അഡ്വ. റൈജു പാണ്ടിമറ്റം, ശ്രീ. ദീപു വലിയമറ്റം എന്നിവർ ക്ലാസ്സുകൾ നയിച്ചു.

*V. 86/2015* **ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 11-ന്**

ഈ വർഷത്തെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 11 ഞായറാഴ്ചയായിരിക്കും നടത്തുക. ചോദ്യപേപ്പറിൽ തന്നെയാണ് ഉത്തരം എഴുതേണ്ടത്.

I മുതൽ X വരെയുള്ള ക്ലാസ്സുകളിൽ ഒന്നാം പാഠം മുതൽ ഏഴാം പാഠം വരെയും XI, XII ക്ലാസ്സുകളിൽ ഒന്നു മുതൽ ആറു വരെയുമുള്ള പാഠങ്ങളുമാണ് ഈ പരീക്ഷയ്ക്ക് പഠിക്കേണ്ടത്. അതാത് ക്ലാസ്സുകളിൽ പഠിക്കേണ്ട നമസ്കാരങ്ങളെയും വിശുദ്ധരെയും സംബന്ധിച്ചും, പൊതുവിജ്ഞാനത്തിൽ നിന്നുമുള്ള ചോദ്യങ്ങളും ഉണ്ടായിരിക്കും. ചോദ്യപേപ്പറുകൾ ഒക്ടോബർ 10-ാം തീയതി മേഖലാകേന്ദ്രങ്ങളിൽനിന്ന് ലഭിക്കുന്നതാണ്.

**സമയക്രമം:**

| | |
|---|---|
| Std. I - IX Classes | 11.00 am -1.00 pm |
| Std X, XI, XII Classes | 2.00 pm - 4.00 pm |

**X, XII ക്ലാസ്സുകളിലെ മൂല്യനിർണ്ണയം നടത്തിയ പേപ്പറുകളും മാർക്കെഴുതിയ B list -ഉം മേഖലാ കേന്ദ്രത്തിൽ ഒക്ടോബർ 23 വെള്ളിയാഴ്ച മാത്രം എത്തിക്കുക.** വിജ്ഞാനഭവൻ ഓഫീസിൽ മറ്റു ദിവസങ്ങളിലും ഉത്തരക്കടലാസുകൾ സ്വീകരിക്കുന്നതാണ്. **മൂല്യ നിർണ്ണയം കൃത്യമായും കർശനമായും നടത്തണം എന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.**

**ഒന്നാം സെമസ്റ്റർ ഫലപ്രഖ്യാപനം : നവംബർ 6 വെള്ളി**

NB. 1, 2 ക്ലാസ്സുകളിൽ എഴുത്തുപരീക്ഷ ഉണ്ടായിരിക്കുന്നതല്ല. ചോദ്യപരീക്ഷയായിരിക്കും.

*V. 87/2015* **SAY EXAM**

| | |
|---|---|
| നവംബർ 7 ശനി | : SAY Exam രജിസ്ട്രേഷൻ ആരംഭിക്കുന്നു. |
| നവംബർ 14 ശനി | : SAY Exam രജിസ്ട്രേഷൻ അവസാനിക്കുന്നു. |
| നവംബർ 22 ഞായർ | : SAY Exam. സമയം 11.00 am - 1.00 pm |
| നവംബർ 30 തിങ്കൾ | : SAY Exam-ന്റെ പേപ്പറുകൾ മൂല്യനിർണ്ണയം നടത്തി രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തീയതി. |
| ഡിസംബർ 5 ശനി | : SAY Exam Result |

*V. 88/2015* **ബൈബിൾ നേഴ്സറി അദ്ധ്യാപകപരിശീലനം**

എല്ലാ ഇടവകകളിലും സൺഡേസ്കൂളിന്റെ ഭാഗമായി ബൈബിൾ നേഴ്സറികൾ ആരംഭിക്കണമെന്നത് എപ്പാർക്കിയൽ അസംബ്ലിയുടെ ഒരു നിർദ്ദേശമായിരുന്നല്ലോ. ചില ഇടവകകളിൽ ഇപ്പോൾ തന്നെ ഇവ പ്രവർത്തിക്കുന്നുണ്ട് എന്നത് സന്തോഷകരമായ കാര്യമാണ്. എല്ലാ ഇടവകകളിലും ബൈബിൾ നേഴ്സറികൾ ആരംഭിക്കുന്നതിനും നിലവിൽ ഉള്ളവയുടെ പ്രവർത്തനം ഏകീകരിക്കുന്നതിനും വേണ്ടി രൂപതാതലത്തിൽ ഏകദിന ബൈബിൾ നേഴ്സറി അദ്ധ്യാപക പരിശീലനം സംഘടിപ്പിക്കുന്നു. മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ഒക്ടോബർ 24-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെയാണ് പരിശീലനം. ഓരോ ഇടവകയിൽനിന്നും താല്പര്യവും സന്നദ്ധതയുമുള്ള രണ്ടാളെയെങ്കിലും പറഞ്ഞുവിടാൻ ബഹു. വികാരിയച്ചന്മാരും പ്രധാനാദ്ധ്യാപകരും ശ്രദ്ധിക്കുമല്ലോ. വരുന്നവരുടെ എണ്ണം ഒക്ടോബർ



10-ാം തീയതിക്കുമുമ്പ് അറിയിക്കേണ്ടതാണ്. കഴിഞ്ഞ സെമിനാറിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്ക് ഇതിൽ പങ്കെടുക്കാവുന്നതാണ്.

*V. 89/2015* **വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം**

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം ക്രിസ്തുവിലുള്ള ജീവിതത്തെക്കുറിച്ച് പഠിപ്പിക്കുന്ന കാര്യങ്ങൾ രണ്ടാം ഖണ്ഡം അറിഞ്ഞിരിക്കേണ്ടതാണ് (CCC 2052-2557). ഉപപാഠപുസ്തകത്തിലെ പൊതുവിജ്ഞാനത്തിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

| | |
|---|---|
| **ഇടവകതലം** | : **2015 ഒക്ടോബർ 18 ഞായർ** |
| **സമയം** | : **12.00 noon - 1.00 p.m.** (അതാത് ഇടവകകളിൽ). |
| **രൂപതാതലം** | : **2015 ഡിസംബർ 12 ശനി** |
| **സമയം** | : **10.30 a.m. - 12.00 noon.** |
| **സ്ഥലം** | : **വിജ്ഞാനഭവൻ കേന്ദ്രം** |

ഇടവകതലത്തിൽ നടത്തുന്ന പരീക്ഷയുടെ ഉത്തരക്കടലാസ്സുകൾ മൂല്യനിർണ്ണയം നടത്തി എല്ലാ അദ്ധ്യാപകരുടെയും ഉത്തരക്കടലാസുകളും വിജയികളായവരുടെ പേരും, ഒക്ടോബർ 23-ാം തീയതി (23-ാം തീയതി മാത്രം) മേഖലാകേന്ദ്രത്തിൽ എത്തിക്കണം. രൂപതാകേന്ദ്രത്തിൽ മറ്റുദിവസങ്ങളിലും എത്തിക്കാവുന്നതാണ്. ബഹു. സിസ്റ്റേഴ്സിനും അല്മായാദ്ധ്യാപകർക്കും പ്രത്യേകമായിട്ടാണ് സമ്മാനങ്ങൾ നൽകുന്നത്. ചോദ്യപേപ്പറുകൾ ഒന്നാം സെമസ്റ്റർ പരീക്ഷയുടെ ചോദ്യപേപ്പറിന്റെ കൂടെ ലഭിക്കുന്നതാണ്. ചോദ്യപേപ്പറുകൾ വികാരിയച്ചനെ ഏല്പിക്കേണ്ടതാണ്.

*V. 90/2015* **വിശ്വാസപരിശീലകർക്കുള്ള ലേഖനമത്സരം**

**"കരുണ പങ്കുവയ്ക്കുന്ന വിശുദ്ധ കുടുംബങ്ങളിൽ നിന്ന് സമർപ്പണവിശുദ്ധിയിലേക്ക്"** എന്നതായിരിക്കും ലേഖനവിഷയം. ലേഖനം 15 പേജിൽ കവിയരുത്. ലേഖനങ്ങൾ രൂപതാ ഓഫീസിൽ എത്തിക്കേണ്ട അവസാനതീയതി 2015 ഒക്ടോബർ 30 ആണ്. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് സമ്മാനങ്ങൾ നല്കുന്നതാണ്. ബഹു. സിസ്റ്റേഴ്സിനും അല്മായാദ്ധ്യാപകർക്കും പ്രത്യേകമായിട്ടാണ് സമ്മാനങ്ങൾ നൽകുന്നത്.

*V. 91/2015* **കവിതാരചന**

ഹൈസ്കൂൾ, ഹയർസെക്കന്ററി തലത്തിലുള്ള വേദപാഠക്ലാ

സ്കൂളുകളിലെ കുട്ടികൾക്ക് വേണ്ടിയാണ് മത്സരം നടത്തുന്നത്. "സമർപ്പിതജീവിത"വുമായി ബന്ധപ്പെട്ട വിഷയമായിരിക്കണം. A4 size പേപ്പറിൽ രണ്ട് പേജിൽ കവിയാൻ പാടില്ല. (40/50 വരികൾ എന്ന് നിജപ്പെടുത്തിയിരിക്കുന്നു.)

- കവിതകൾ 2015 ഒക്ടോബർ 30 -ന് മുമ്പ് വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണം.
- രചനകൾ അയയ്ക്കുന്നവരുടെ കൃത്യമായ വിലാസം, പഠിക്കുന്ന ക്ലാസ്സ് എന്നിവ മറ്റൊരു പേപ്പറിലെഴുതി പിൻ ചെയ്യാൻ മറക്കരുത്.
- തിരഞ്ഞെടുക്കപ്പെടുന്ന കവിതകൾക്ക് സമ്മാനങ്ങൾ നല്കുന്നതാണ്.

### *V. 92/2015* **വിശ്വാസപരിശീലക ദിനം**

വിശ്വാസപരിശീലകരുടെ മധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾദിനം നവംബർ 4 ബുധനാഴ്ചയാണ്. 1-ാം തീയതി ഞായറാഴ്ച വിശ്വാസപരിശീലക ദിനമായി ആചരിക്കാവുന്നതാണ്. വിശ്വാസപരിശീലകർക്കായി പ്രത്യേകം പ്രാർത്ഥിക്കുവാനും വിശ്വാസപരിശീലന ശുശ്രൂഷയുടെ ശ്രേഷ്ഠതയെക്കുറിച്ച് വിശ്വാസപരിശീലകരെയും മറ്റുള്ളവരെയും ബോധവത്കരിക്കാനുമുള്ള അവസരമായി ഇത് മാറണം. ഈ ദിവസം വിശ്വാസപരിശീലകർ തങ്ങളുടെ സമർപ്പണം നവീകരിക്കുന്നതും വിദ്യാർത്ഥികൾ തങ്ങളുടെ അദ്ധ്യാപകർക്ക് ആശംസകൾ നേരുന്നതും ഉചിതമാണ്.

### *V. 93/2015* **SMC അവാർഡ് 2015-16 റീജണൽ തിരഞ്ഞെടുപ്പ്**

സീറോ മലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ നടത്തുന്ന പ്രതിഭാ പുരസ്കാര അവാർഡിനായുള്ള പരിശീലന ക്യാമ്പിലേയ്ക്ക് രൂപതയിൽ നിന്നുള്ള സെലക്ഷൻ നടത്തുന്നു. വിശ്വാസപരിശീലനത്തിൽ XII-ാം ക്ലാസ്സിൽ മികവ് തെളിയിക്കുന്ന കുട്ടികളെ കണ്ടുപിടിച്ച് പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. താഴെ പറയുന്ന ക്രമത്തിലായിരിക്കും അത് നടത്തുന്നത്.

#### A ഇടവകതലം

വിദ്യാർത്ഥിയുടെ വിശ്വാസപരിശീലനനിലവാരം, ധാർമ്മിക വീക്ഷണങ്ങൾ, വ്യക്തിഗതകഴിവുകൾ, സാമൂഹ്യപ്രതിബദ്ധത എന്നിവ കണക്കിലെടുത്ത് ഇടവകയിലെ മികച്ച രണ്ട് ആൺകുട്ടികളെയും രണ്ട്



പെൺകുട്ടികളെയും തെരഞ്ഞെടുത്ത് വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ രൂപതാതലത്തിലേക്ക് അയയ്ക്കുന്നു. **രൂപതാകേന്ദ്രത്തിൽ സാക്ഷ്യപത്രം നൽകുന്നതിനുള്ള അവസാന തീയതി ഒക്ടോബർ 20 ആണ്.**

#### B രൂപതാതലം

രൂപതാതലത്തിൽ റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ശില്പശാലയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് ആൺകുട്ടികളെയും പെൺകുട്ടികളെയും രൂപതാ ഡയറക്ടറുടെ സാക്ഷ്യപത്രത്തോടുകൂടി സഭാതലത്തിലേക്ക് അയയ്ക്കുന്നു. രൂപതാതല സെമിനാർ 2015 നവംബർ 14-ാം തീയതി ശനിയാഴ്ച മൂവാറ്റുപുഴ NESTT-ൽ വച്ച് നടക്കുന്നതാണ്.

#### C സഭാതലം

രൂപതകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടു വരുന്നവർക്കായി സഭാസമിതിയുടെ നേതൃത്വത്തിൽ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു.

N.B. **പ്രൈവറ്റ് രജിസ്ട്രേഷൻ ആയി പരീക്ഷ എഴുതുന്ന കുട്ടികളെ ക്യാമ്പിന് വിടേണ്ടതില്ല.**

### *V. 94/2015* **വിശ്വാസപരിശീലന രംഗത്ത് 50, 45, 40, 35, 25, 10 വർഷം പൂർത്തിയാക്കുന്നവർ**

വിശ്വാസപരിശീലന രംഗത്ത് 10, 25, 35, 40, 45, 50 വർഷം പൂർത്തിയായവർ തങ്ങളുടെ ഫയലിൽ തന്നിരിക്കുന്ന ഫോം പൂരിപ്പിച്ച് ഒക്ടോബർ 15-ന് മുമ്പ് വിജ്ഞാനഭവനിൽ എത്തിക്കേണ്ടതാണ്. പിന്നീട് കിട്ടുന്നത് ദൈവരാജ്യത്തിൽ ചേർക്കുവാൻ സാധിക്കുന്നതല്ല. സർവീസ് ബുക്ക് വിജ്ഞാനഭവനിൽ തന്നിരിക്കുന്നവർ അതിന്റെ കോപ്പി വയ്ക്കേണ്ടതില്ല.

### *V. 95/2015* **ഓർഡർ ഫോം**

വിശ്വാസോത്സവത്തിന്റെയും സൺഡേ സ്കൂൾ പുസ്തകത്തിന്റെയും വിശുദ്ധരുടെ പുസ്തകത്തിന്റെയും **ഓർഡർ ഫോം ഒക്ടോബർ 10-ന് ശേഷം ലഭിക്കുന്നവയ്ക്ക് കമ്മീഷൻ നൽകുന്നതല്ല.**

*Director*

# Corporate Educational Agency

*Edn. 40 /2015* **കൊന്തനമസ്ക്കാരം**

ഒക്ടോബർ മാസത്തിൽ നടത്തിവരുന്ന ജപമാല പ്രാർത്ഥന എല്ലാ സ്ഥാപനങ്ങളിലും, സജീവമായും, ആത്മീയഉണർവ് പകരുന്ന രീതിയിലും നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Edn. 41 /2015* **പ്രഥമാദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്**

ഈ ഓഫീസിലേക്ക് അയയ്ക്കേണ്ട ഫാറങ്ങൾ യഥാസമയം തന്നെ പൂരിപ്പിച്ച് തരണമെന്ന് ഓർമ്മിപ്പിക്കുന്നു.

| | |
|---|---|
| 1 MG Applications 3 Copy | - 31-08-2015 ന് മുമ്പ് |
| 2 FC Application 3 Copy | - 31-12-2015 ന് മുമ്പ് |
| 3 Annual Report 1 Copy | - 15-01-2016 ന് മുമ്പ് |
| 4 അദ്ധ്യാപകനദ്ധ്യാപക അവാർഡ് റിപ്പോർട്ട് | - 15-01-2016 ന് മുമ്പ് |

*Edn. 42 /2015* **Catechism/ Moral Science Text Books**

അടുത്ത അദ്ധ്യയനവർഷത്തിൽ സ്കൂളുകളിലെ Std. I മുതൽ Std. XII വരെ ക്ലാസ്സുകളിലേക്ക് ആവശ്യമായ Catechism / Moral Science പുസ്തകങ്ങളുടെ ഓർഡർ ഇതുവരെ നൽകാത്തവർ ഒക്ടോബർ 10-ന് മുമ്പ് വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണമെന്ന് അറിയിക്കുന്നു. **പ്രസ്തുത തീയതിക്ക് ശേഷം ലഭിക്കുന്ന ഓർഡറുകൾക്ക് കമ്മീഷൻ ലഭിക്കുന്നതല്ല.**

*Edn. 43 /2015* **ഏകദിന അദ്ധ്യാപകസെമിനാർ**

ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ കോതമംഗലം രൂപത കോർപ്പറേറ്റിലെ പ്ലസ്ടു വരെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അദ്ധ്യാപകർക്ക് വേണ്ടി ഏകദിന സെമിനാർ നടത്തുന്നതാണ്. എല്ലാ അദ്ധ്യാപകരും താഴെ നിർദ്ദേശിക്കപ്പെട്ട സമയങ്ങളിൽ പങ്കെടുക്കേണ്ടതാണ്.

Registration Fees - ₹ 150

Teachers Guild Membership Fees - ₹ 100

Venue - NESTT Muvattupuzha



Time - 9.30 am to 3.30 pm

1) 28-09-2015 - All HSS Teachers

2) 30-09-2015 - All HS Teachers (Including UP and LP Teachers attached with the High School)

3) 01-10-2015 - All UP and LP School Teachers

NB. എല്ലാ സ്കൂളുകളിലെയും അനദ്ധ്യാപകർക്ക് പ്രത്യേകം സെമിനാർ നടത്തുന്നതാണ്. സ്ഥലവും തീയതിയും പിന്നീട് അറിയിക്കുന്നതാണ്.

*Edn. 44 /2015* **ഇൻസ്പെയർ അവാർഡ് – മിഥിലാജിന് അഭിനന്ദനങ്ങൾ**

ശാസ്ത്ര പ്രതിഭകളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള ഇൻസ്പെയർ അവാർഡ് 2014-2015-ന് ഉടുമ്പന്നൂർ സെന്റ് ജോർജ് ഹൈസ്കൂളിലെ മാസ്റ്റർ മിഥിലാജ് പി.എസ്. അർഹനായി. ഇടുക്കി ജില്ലയിൽ നിന്നും ആദ്യമായാണ് ഒരു കുട്ടി ഇത്തരത്തിലുള്ള ഒരു അവാർഡിന് അർഹനാകുന്നത്. തൊടുപുഴയിൽ വച്ച് നടന്ന ജില്ലാ മത്സരത്തിൽ ഓട്ടോമാറ്റിക് സിഗ്നൽ സംവിധാനം പ്രോജക്ടായി അവതരിപ്പിച്ച് ഏറ്റവും കൂടുതൽ പോയിന്റ് കരസ്ഥമാക്കി ഇരിങ്ങാലക്കുടയിൽ വച്ച് നടന്ന സംസ്ഥാന മത്സരത്തിൽ പങ്കെടുക്കുകയും അവിടെ നിന്നും ദേശീയ മത്സരത്തിൽ പങ്കെടുക്കാൻ അർഹനാവുകയും ചെയ്തു. ഒക്ടോബർ മാസത്തിൽ ഡൽഹിയിൽ വച്ച് നടക്കുന്ന ദേശീയ ഇൻസ്പെയർ അവാർഡ് ശാസ്ത്രപ്രദർശനത്തിൽ കേരളത്തെ പ്രതിനിധീകരിക്കുന്ന അഞ്ചുപേരിൽ ഒരാളാണ് ഈ യുവശാസ്ത്രജ്ഞൻ.

*Edn. 45 /2015* **മികച്ച പി.റ്റി.എ. അവാർഡ് തൊടുപുഴ സെന്റ് സെബാസ്റ്റ്യൻ യു.പി. സ്കൂളിന്**

2014-2015 അദ്ധ്യയനവർഷത്തെ ഇടുക്കി ജില്ലയിലെ മികച്ച പി.റ്റി.എ. യ്ക്കുള്ള അവാർഡ് തൊടുപുഴ സെന്റ് സെബാസ്റ്റ്യൻ യു. പി. സ്കൂൾ കരസ്ഥമാക്കി. തൊടുപുഴ ഗവൺമെന്റ് ബോയ്സ് ഹയർസെക്കന്ററി സ്കൂളിൽ നടന്ന അദ്ധ്യാപകദിന പരിപാടിയിൽ വച്ച് ഇടുക്കി DDE സുരേഷ് മാത്യുവിൽ നിന്ന് സ്കൂൾ മാനേജർ, ഹെഡ്മാസ്റ്റർ, പി.റ്റി.എ. ഭാരവാഹികൾ എന്നിവർ ചേർന്ന് അവാർഡ് ഏറ്റുവാങ്ങി. ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവർക്ക് അഭിനന്ദനങ്ങൾ.

*Edn. 46/2015* **ജില്ലാതല പ്രോഗ്രാമിംഗ് മത്സരം – കലയന്താനി സെന്റ് ജോർജ് HSS**

സംസ്ഥാന വിദ്യാഭ്യാസ വകുപ്പും I.T. @ School ഉം സംയുക്തമായി നടപ്പിലാക്കുന്ന റാസ്ബെറി പൈ പ്രോഗ്രാമിന്റെ ഭാഗമായി നടത്തിയ "Learn to Code Program" മത്സരത്തിൽ കലയന്താനി സെന്റ് ജോർജ് HSS ലെ 9-ാം ക്ലാസ്സു വിദ്യാർത്ഥി മാസ്റ്റർ എബിൻ ബിനോയി ഒന്നാം സ്ഥാനം കരസ്ഥമാക്കി.

അവാർഡുകൾ കരസ്ഥമാക്കിയവർക്കും അതിന്റെ പിന്നിൽ പ്രവർത്തിച്ചവർക്കും രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ അഭിനന്ദനങ്ങൾ.

Secretary

## ചെറുപുഷ്പമിഷൻലീഗ്

*CML 28 /2015* **മേഖല കലാമത്സരം**

ഈ വർഷത്തെ മേഖലതലത്തിലുള്ള മത്സരങ്ങൾ ആഗസ്റ്റ് 27-ാം തീയതി 8 മേഖലകളിലും നടത്തി. മത്സരത്തിൽ വിജയികളായവർക്ക് അഭിനന്ദനങ്ങൾ. ഇതിന് നേതൃത്വം കൊടുത്ത മേഖല ഡയറക്ടർമാർക്കും, അസി. ഡയറക്ടർമാർക്കും, ജോയിന്റ് ഡയറക്ടേഴ്സിനും എല്ലാ മേഖലാ ഭാരവാഹികൾക്കും നന്ദി.

മത്സരങ്ങളിൽ ഓവറോൾ വിജയികളായ ശാഖകളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

**കോതമംഗലം**
1 കോതമംഗലം
2 മുട്ടത്തുപാറ
3 നാടുകാണി

**ഊന്നുകൽ**
1 ഊന്നുകൽ
2 നേര്യമംഗലം
3 പുലിയൻപാറ

**കാളിയാർ**
1 പൈങ്ങോട്ടൂർ
2 കാളിയാർ
3 ഞാറക്കാട്

**മൂവാറ്റുപുഴ**
1 മൂവാറ്റുപുഴ
2 ആരക്കുഴ
3 രണ്ടാർ

**മുതലക്കോടം**
1 മുതലക്കോടം
2 പന്നിമറ്റം
3 കലയന്താനി

**കരിമണ്ണൂർ**
1 നെയ്യശ്ശേരി
2 ചിലവ്
3 കരിമണ്ണൂർ

**വാഴക്കുളം**
1 വാഴക്കുളം
2 കദളിക്കാട്
3 ഏനാനെല്ലൂർ

**തൊടുപുഴ**
1 തൊടുപുഴ
2 നെടിയകാട്
3 തൊടുപുഴ ഈസ്റ്റ്



*CML 29 /2015* **സാഹിത്യപ്രതിഭാസംഗമം**

സംസ്ഥാനതല സാഹിത്യമത്സരങ്ങൾക്കായി രൂപതാവിജയികളെ ഒരുക്കുവാൻ സെപ്തംബർ 19-ാം തീയതി മൂവാറ്റുപുഴ നിർമ്മല ഹയർ സെക്കന്ററി സ്കൂളിൽ വച്ച് സാഹിത്യപ്രതിഭാസംഗമം നടത്തപ്പെട്ടു. ശ്രീ. ഷാജി മാലിപ്പാറ ക്ലാസ്സ് നയിച്ചു. പങ്കെടുത്ത എല്ലാവർക്കും നന്ദി.

*CML 30 /2015* **സംസ്ഥാനതല സാഹിത്യമത്സരം**

